## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *208 — 08/03/2018-ൽ മറുപടിക്ക്

## വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിന് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ**<br>**,, പി.ബി. അബ്ദുൽ റസ്സാക്ക്**<br>**,, പി.ഉബൈദുള്ള**<br>**,, അബ്ദുൽ ഹമീദ് പി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും, മഴക്കെടുതികൾ പ്രകൃതിക്ഷോഭം എന്നിവ ഉണ്ടാകുന്ന കാലയളവിൽ അപകടങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | അപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും അപകടങ്ങളിൽപ്പെടുന്നവർക്കും സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും അപകടങ്ങളിൽപ്പെട്ടുന്നവർക്കും സാമ്പത്തികസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ</u>**<br><br>അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക, എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും, പരിക്കേല്ക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുക ആശ്വാസധനസഹായമായും (പരമാവധി 1 ലക്ഷം രൂപ), അനുവദിക്കുന്നുണ്ട്.<br><br>കെ.എസ്.ഇ.ബി എല്ലിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലവും പൊട്ടി |

| | | | |
|---|---|---|---|
| | | | വീണ വൈദ്യതി കമ്പിയിൽ നിന്നും വൈദ്യുതാഘാതമേല്ക്കുന്നതു മൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും പരിക്കേല്ക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നല്കിവരുന്നു.<br><br>1. <u>ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം.</u><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നല്കിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.<br><br><u>മരണാനന്തര നഷ്ടപരിഹാരം</u><br><br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ).<br><br>2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷുറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാനും അർഹതയുണ്ട്.<br><br>3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.<br><br>4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ |

| | | | |
|---|---|---|---|
| | | | ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.<br><br>5. ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്.<br><br>6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും (3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നല്കുന്നു. ഇതിനുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നല്കുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.<br><br>**<u>കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം.</u>**<br><br>മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.<br><br>**<u>മരണാനന്തര നഷ്ടപരിഹാരം.</u>**<br><br>1. മാസവേതനത്തിനും പ്രായ |

ത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും, കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെട്ടുവാൻ താൽപര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷുറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

| | | | |
|---|---|---|---|
| (സി) | വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. പൊതുജനബോധവൽക്കരണം നടത്തുക, ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുക, ഗുണമേന്മയുള്ള ഉപകരണങ്ങൾ നൽകുക, സുരക്ഷാ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ നടത്തുക, കൃത്യമായി ലൈനുകളിൽ മെയിന്റനൻസ് നടത്തുക, സുരക്ഷിതമായി പണികളിലേർപ്പെടുന്നതിനുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ.<br>അപകട നിരക്ക് കുറയ്ക്കുന്നതിനായി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷാ കർശനമായി നടപ്പിലാക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുരക്ഷാവിഭാഗം ശക്തിപ്പെടുത്തുകയും "ZERO ACCIDENT YEAR - 2018" എന്ന പദ്ധതി പ്രകാരം വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ